# കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
### പത്തനംതിട്ട

**ജൂലൈ 19**

**JULY 19**

**2018**

***1193 കർക്കിടകം 3 വ്യാഴം***

# പത്രക്കുറിപ്പ്


www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വയോജനങ്ങളെ കാക്കാൻ കുടുംബശ്രീയുടെ ഹർഷം പദ്ധതി**

വയോജനങ്ങൾക്കും രോഗികൾക്കും മികച്ച പരിചരണം ലഭ്യമാക്കാൻ ജില്ലയിൽ നടപ്പാക്കിയ കാക്കും കരങ്ങൾ പദ്ധതി വിജയമായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹർഷം എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കുന്നു. 2015-16 കാലയളവിൽ ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് വയോജന പരിപാലനം എന്ന ആശയം മുന്നോട്ട് വച്ച് കാക്കും കരങ്ങൾ പദ്ധതിക്ക് കുടുംബശ്രീ രൂപം നൽകിയത്. പ്രായാധിക്യം മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് കൈത്താങ്ങാകുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സേവനത്തിന് സന്നദ്ധരായ കുടുംബശ്രീ അംഗങ്ങളിൽ നിന്ന് മുപ്പത്തിയഞ്ച് പേരെ തിരഞ്ഞെടുത്ത് അൻപത് ദിവസം നീണ്ട് നിൽക്കുന്ന പരിശീലനം കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് നൽകി. ഇത്തരത്തിൽ അടിസ്ഥാന പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളെയാണ് സേവനദാതാക്കളായി ജില്ലയിൽ ഉപയോഗിക്കുന്നത്. വയോജനങ്ങളായ ദമ്പതികൾ മാത്രമുള്ള വീടുകളിൽ അവർക്ക് ആവശ്യമായ കൗൺസിലിംഗ്, മറ്റ് സഹായങ്ങൾ എന്നിവ നൽകുന്നതിനുള്ള പരിശീലനവും കുടുംബശ്രീ പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്.

മികച്ച പരിശീലനം നൽകി കുടുംബശ്രീ അംഗങ്ങളെ കെയർ ഗീവർമാരാക്കിയാണ് സംസ്ഥാനത്ത് ഹർഷം പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനമൊട്ടാകെയുള്ള കുടുംബശ്രീയുടെ ശൃംഖലാസംവിധാനവും ജനപിന്തുണയും പദ്ധതിയുടെ വിജയകരമായ പ്രവർത്തനത്തിന് അനുകൂലമായ ഘടകങ്ങളാണ്. കുടുംബശ്രീ അംഗങ്ങൾക്ക് ഇതിലൂടെ മെച്ചപ്പെട്ട ജീവി

തമാർഗം കണ്ടെത്താൻ കഴിയും. ആശുപത്രികളിൽ രോഗികൾക്ക് കൂട്ടിരിപ്പ്, ഗാർഹിക വയോജന പരിപാലനം, ഗാർഹിക രോഗി പരിചരണം, ലഘുവ്യായാമങ്ങൾ, ഫിസിയോതെറാപ്പി, യോഗ, കൃത്യമായ ഇടവേളകളിൽ ആഹാരം, മരുന്ന് നൽകൽ, ഷുഗർ, രക്തസമ്മർദ്ദം തുടങ്ങിയവയുടെ പരിശോധന, തുടങ്ങിയവയാണ് കെയർ ഗീവർമാരുടെ പ്രധാനപ്പെട്ട ചുമതലകൾ. പരിചരണത്തിന് കെയർ ഗീവർമാരെ മണിക്കൂറുകളുടെ അടിസ്ഥാനത്തിലും ലഭ്യമാക്കും. ഇത്തരം സേവനങ്ങൾക്ക് നൽകേണ്ട ഫീസ് മണിക്കൂറുകൾക്കടിസ്ഥാനത്തിൽ വ്യത്യസ്തവുമായിരിക്കും. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസാണ് പദ്ധതി പരിശീലനത്തിനാവശ്യമായ ഫണ്ട് നൽകുന്നത്. ഹർഷം പദ്ധതി നടപ്പാകുന്നതോടെ പരിശീലനം ലഭിച്ച കൂടുതൽ സേവനദാതാക്കൾ സംസ്ഥാനത്ത് ഉണ്ടാകും.

(പിഎൻപി 1990/18)

## വരട്ടാർ സജീവമാകുന്നതിന്റെ ആഹ്ലാദം പങ്കുവച്ച് ധനകാര്യ വകുപ്പ് മന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റ്

ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്ത വരട്ടാർ കാലവർഷത്തിൽ വീണ്ടും സജീവമായതിന്റെ ആഹ്ലാദം പങ്കുവച്ച് ധനകാര്യ വകുപ്പ് മന്ത്രി ഡോ.റ്റി.എം.തോമസ് ഐസക്കിന്റെ ഫേസ്ബുക്ക് പോസ്റ്റ്.

ഈ മഴക്കാലത്ത് വരട്ടാർ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ കരകവിഞ്ഞ് ഒഴുകുകയാണെന്നും പ്രയാറ്റുകടവിലും മറ്റും ചപ്പാത്തിനു മുകളിൽക്കൂടി വെള്ളം നിറഞ്ഞൊഴുകുന്ന കാഴ്ച പ്രദേശവാസികളെ ആനന്ദത്തിലാക്കിയിട്ടുണ്ടെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

ധനകാര്യ മന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം:

വരട്ടാർ വീണ്ടും സജീവമാവുകയാണ്. ഇക്കഴിഞ്ഞ ജൂൺ 27 ന് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതലയോഗം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനമെടുത്തിരുന്നു. ധന–റവന്യൂ–ജലവിഭവ മന്ത്രിമാർ, എം.എൽ.എ.മാരായ സജി ചെറിയാൻ, വീണാ ജോർജ്ജ്, ഹരിതകേരളം ഉപാധ്യക്ഷ ഡോ. ടി.എൻ സീമ, ഇറിഗേഷൻ സെക്രട്ടറി ടിങ്കു ബിസ്വാൾ, ജലവിഭവ – റവന്യു ഉദ്യോഗസ്ഥർ, ശുചിത്വമിഷൻ, ജൈവവൈവിധ്യ ബോർഡ് ഉൾപ്പെടെയുള്ളവരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. പരിസ്ഥിതി ആഘാത പഠനത്തിന്റെ ചുമതലയുള്ള കിറ്റ്കോ പ്രതിനിധികളും അടങ്ങിയ യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) വരട്ടാർ പുനരുജ്ജീവനത്തിനായി ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

2) ഇതിനായി വകുപ്പ് പ്രതിനിധികൾ അടങ്ങിയ ഒരു സെക്രട്ടേറിയറ്റ് രൂപീകരിച്ചു. കോ–ഓർഡിനേറ്ററായി ബീനാ ഗോവിന്ദൻ പ്രവർത്തിക്കും.

3) ആദിപമ്പയിലും വരട്ടാറിലും നീരൊഴുക്ക് വീണ്ടെടുക്കുന്നതിനുള്ള നീർത്തട വികസന പരിപാടികൾ, തീരസംരക്ഷണ നടപടികൾ, തീരത്ത് വിപുലമായ ജൈവവൈവിധ്യ പാർക്ക് ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പുഴയും പ്രാന്തപ്രദേശങ്ങളും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ, ചപ്പാത്തുകളുടെ സ്ഥാനത്ത് വേണ്ടിവരുന്ന പാലങ്ങൾ, വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ തുടങ്ങിയവയെല്ലാം മാസ്റ്റർ പ്ലാനിൽ ഉണ്ടാവും.

4) പുഴയുടെ തീരത്ത് നിലവിലുള്ള ജൈവവൈവിധ്യ സമ്പത്ത് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നേതൃത്വത്തിൽ രേഖപ്പെടുത്തും. തുടർന്ന് ഹോർത്തൂസ് മലബാറിക്കസിൽ പ്രതിപാദിച്ചിട്ടുള്ള വിവിധയിനം അപൂർവ്വമായ മരങ്ങൾ വച്ചുപിടിക്കുകയും ക്യു.ആർ കോഡ് നൽകി സംരക്ഷിക്കുകയും ചെയ്യും. ഇതുവഴി ആദിപമ്പ – വരട്ടാർ ജൈവവൈവിധ്യ ഉദ്യാനം വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും ഇഷ്ട കേന്ദ്രമായി മാറും.

5) സംയോജിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ യോഗം എം.എൽ.എ.മാർ വിളിച്ചു ചേർക്കും. ഇതിന്റെ തുടർച്ചയായി കൃഷി, റവന്യു, ഇറിഗേഷൻ, മണ്ണ്-ജലസംരക്ഷണം, ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ ഉദ്യോഗസ്ഥരടങ്ങിയ സെക്രട്ടേറിയറ്റ് ചേർന്ന് പ്ലാനുകൾ സമന്വയിപ്പിക്കും.
6) സർവ്വേ പൂർത്തിയാക്കി അതിർത്തി കല്ലുകൾ ഇടുന്ന പ്രവൃത്തികൾ സമാന്തരമായി നീക്കും.
7) ആഗസ്റ്റ് എട്ട്, ഒൻപത് തീയതികളിൽ വിപുലമായ ആദിപമ്പ – വരട്ടാർ ജൈവവൈവിധ്യ കൺസർവേഷൻ നടക്കും.
8) ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ വച്ച് ചേരുന്ന കൺവെൻഷനിൽ കരട് മാസ്റ്റർ പ്ലാനിന്മേൽ ജനപ്രതിനിധികൾ, വിദഗ്ദ്ധർ, ഗവേഷകർ, കോളേജ് വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്ത് നിർദ്ദേശങ്ങൾ വയ്ക്കും. തുടർന്ന് ഒരു ചെറുസംഘം രണ്ടാം ദിവസം നിർദ്ദേശങ്ങൾക്ക് പ്രായോഗികരൂപം നല്കി സമഗ്ര മാസ്റ്റർ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കും.

ചെങ്ങന്നൂർ എം.എൽ.എ സജി ചെറിയാൻ രാമചന്ദ്രൻ നായരുടെ യഥാർത്ഥ പിന്തുടർച്ചക്കാരനാണെന്ന് ബോധ്യപ്പെടുത്തുംവിധം സജീവമായി നേതൃത്വം ഏറ്റെടുത്തു കഴിഞ്ഞു. ഇക്കഴിഞ്ഞ ദിവസം ജൈവവൈവിധ്യ പാർക്കുമായി ബന്ധപ്പെട്ട സ്ഥല ലഭ്യത നേരിട്ട് അറിയുന്നതിനും നിലവിലുള്ള വൈവിധ്യം നോക്കി കാണുന്നതിനുമായി സജിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് പ്രതിനിധികൾ അടങ്ങിയ സംഘം വരട്ടാർ തീരത്ത് എത്തി പുഴ നടന്നു കണ്ടു. ജൂലൈ 21 ന് വരട്ടാർ തീരത്തെ ജനപ്രതിനിധികളുടെ യോഗം എം.എൽ.എ വിളിച്ചു ചേർത്തിട്ടുണ്ട്.

കാലവർഷത്തിൽ നിറഞ്ഞൊഴുകുന്ന വരട്ടാറിന്റെ ചിത്രവും ധനമന്ത്രി ഫേസ്ബുക്കിൽ പങ്കുവച്ചിട്ടുണ്ട്. (പിഎൻപി 1991/18)

## മികച്ച കർഷകരെ ആദരിക്കും

ചെന്നീർക്കര കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷക ദിനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മികച്ച കർഷകരെ ആദരിക്കും. താത്പര്യമുള്ളവർ ഈ മാസം 26ന് മുമ്പ് കൃഷിഭവനിൽ അപേക്ഷ നൽകണം. (പിഎൻപി 1992/18)

## കാവൽ പദ്ധതിയിൽ പങ്കാളികളാവാൻ അവസരം

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മന:ശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി അവരുടെ സ്വഭാവ പരിവർത്തനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ നിംഹാൻസ് ന്റെ സഹകരണത്തോടെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് ആരംഭിച്ചിട്ടുള്ള കാവൽ പദ്ധതിയിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് അപേക്ഷിക്കാം.

അപേക്ഷിക്കുന്ന സംഘടന 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, 1860 ലെ സൊസൈറ്റീസ് ഇൻഡ്യൻ ആക്ട്, 1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. അല്ലെങ്കിൽ എം.എസ്.ഡബ്ല്യു., ബി.എസ്.ഡബ്ല്യു കോഴ്സുകൾ നടത്തുന്ന അക്കാദമിക് സ്ഥാപനങ്ങളുടെ ഔട്ട് റീച്ച് സംവിധാനമായിരിക്കണം. സാമൂഹ്യ നീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനയോ അല്ലെങ്കിൽ കുട്ടികളുടെ പുനരധിവാസ മേഖലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. നിയമ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരിക്കണം. ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാനുള്ള സാമ്പത്തിക ഭദ്രതയും ഉണ്ടായിരിക്കണം.

അപേക്ഷിക്കുന്നവര്‍ സംഘടനാ രജിസ്ട്രേഷന്‍ സര്‍ട്ടിഫിക്കറ്റിന്‍റെ പകര്‍പ്പ്, കഴിഞ്ഞ രണ്ട് വര്‍ഷത്തെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്‍റ് ഓഫ് അക്കൗണ്ട്സ്, ഭരണ റിപ്പോര്‍ട്ട് എന്നിവ സഹിതം ജൂലൈ 31 നകം ജില്ലാ ശിശു സംരക്ഷണ ഓഫീസര്‍, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, മിനി സിവില്‍ സ്റ്റേഷന്‍ മൂന്നാം നില, ആറന്‍മുള- 689533 പത്തനംതിട്ട എന്ന വിലാസത്തില്‍ അപേക്ഷിക്കണം. ഫോണ്‍: 0468 2319998. (പിഎന്‍പി 1993/18)

**മരം ലേലം**

കോഴഞ്ചേരി ഗവണ്‍മെന്‍റ് ഹൈസ്കൂള്‍ കോംപൗണ്ടില്‍ നില്‍ക്കുന്ന ആറ് തേക്ക് മരങ്ങള്‍ ഈ മാസം 23ന് ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ പഞ്ചായത്ത് ഓഫീസില്‍ ലേലം ചെയ്യും. ഫോണ്‍: 9446565413. (പിഎന്‍പി 1994/18)

**സ്വയംതൊഴില്‍ വായ്പയ്ക്ക് അപേക്ഷിക്കാം**

സംസ്ഥാന പട്ടികജാതി വര്‍ഗ വികസന കോര്‍പ്പറേഷന്‍ ജില്ലയിലെ പട്ടികവര്‍ഗ വിഭാഗത്തില്‍പ്പെട്ട തൊഴില്‍ രഹിതരില്‍ നിന്നും വസ്തു/ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയില്‍ വിവാഹം, സ്വയംതൊഴില്‍, ഓട്ടോറിക്ഷ വായ്പകള്‍ക്ക് അപേക്ഷ ക്ഷണിച്ചു. കുടുംബ വാര്‍ഷിക വരുമാനം ഗ്രാമപ്രദേശങ്ങളില്‍ 98000 രൂപയിലും നഗരപ്രദേശങ്ങളില്‍ 120000 രൂപയിലും കവിയാന്‍ പാടില്ല. പ്രായം 18നും 55നും മധ്യേ. ഓട്ടോറിക്ഷ വായ്പയ്ക്ക് അപേക്ഷിക്കുന്നവര്‍ക്ക് ലൈസന്‍സും ബാഡ്ജും ഉണ്ടായിരിക്കണം. അപേക്ഷാഫോമിനും കൂടുതല്‍ വിവരത്തിനും പന്തളം പോസ്റ്റാഫീസിനു സമീപം പ്രവര്‍ത്തിക്കുന്ന കോര്‍പറേഷന്‍റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. (പിഎന്‍പി 1995/18)

**പരാതികള്‍ അറിയിക്കാന്‍ സിവില്‍ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥര്‍ക്ക് മൊബൈല്‍ നമ്പര്‍ അനുവദിച്ചു**

സിവില്‍ സപ്ലൈസ് വകുപ്പിന്‍റെ കാര്യക്ഷമമായ പ്രവര്‍ത്തനത്തിന് റേഷന്‍ സംബന്ധമായ പരാതികള്‍ സമയബന്ധിതമായി പരിഹരിക്കുന്നതിന് വകുപ്പിലെ റേഷനിംഗ് ഇന്‍സ്പെക്ടര്‍മാര്‍ മുതല്‍ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥര്‍ക്കും മൊബൈല്‍ നമ്പര്‍ നല്‍കി. പൊതുജനങ്ങള്‍ക്ക് ഈ നമ്പറില്‍ പരാതികള്‍ അറിയിക്കുന്നതിന് സിവില്‍ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെടാം. വകുപ്പിന്‍റെ വെബ്സൈറ്റിലും എല്ലാ റേഷന്‍ കടകളിലും നമ്പര്‍ ലഭ്യമാണ്.

പുതുതായി അനുവദിച്ച ഫോണ്‍ നമ്പരുകള്‍ താലൂക്ക് അടിസ്ഥാനത്തില്‍:
കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസ്: താലൂക്ക് സപ്ലൈ ഓഫീസര്‍ - 9188527347, എറ്റിഎസ്ഒ- 9188527437, ആര്‍ഐ പത്തനംതിട്ട - 9188527603, ആര്‍ഐ ഇലന്തൂര്‍- 9188527604, ആര്‍ഐ ആറന്മുള- 9188527605.

താലൂക്ക് സപ്ലൈ ഓഫീസ് തിരുവല്ല: താലൂക്ക് സപ്ലൈ ഓഫീസര്‍ - 9188527350, എറ്റിഎസ്ഒ - 9188527440, ആര്‍ഐ തിരുവല്ല ൦ൗണ്‍- 9188527613, ആര്‍ഐ പുളിക്കീഴ്- 9188527614, ആര്‍ഐ കോയിപ്രം- 9188527615.

താലൂക്ക് സപ്ലൈ ഓഫീസ് അടൂര്‍: താലൂക്ക് സപ്ലൈ ഓഫീസര്‍ - 9188527346, എറ്റിഎസ്ഒ- 9188527436, ആര്‍ഐ അടൂര്‍- 9188527599, ആര്‍ഐ എനാദിമംഗലം- 9188527600, ആര്‍ഐ കടമ്പനാട് - 9188527601, ആര്‍ഐ പന്തളം- 9188527602.

താലൂക്ക് സപ്ലൈ ഓഫീസ് റാന്നി: താലൂക്ക് സപ്ലൈ ഓഫീസര്‍- 9188527348, എറ്റിഎസ്ഒ - 9188527438, ആര്‍ഐ പഴവങ്ങാടി- 9188527606, ആര്‍ഐ റാന്നി- 9188527607, ആര്‍ഐ പെരുനാട്- 9188527608, ആര്‍ഐ അത്തിക്കയം- 9188527609.

താലൂക്ക് സപ്ലൈ ഓഫീസ് മല്ലപ്പള്ളി: താലൂക്ക് സപ്ലൈ ഓഫീസർ- 9188527351, എറ്റിഎസ്ഒ - 9188527441, ആർഐ മല്ലപ്പള്ളി- 9188527616, ആർഐ എഴുമറ്റൂർ - 9188527617.

താലൂക്ക് സപ്ലൈ ഓഫീസ് കോന്നി: താലൂക്ക് സപ്ലൈ ഓഫീസർ- 9188527349, എറ്റിഎസ്ഒ - 9188527439, ആർഐ പ്രമാടം- 9188527610, ആർ ഐ കോന്നി- 9188527611, ആർഐ ചിറ്റാർ- 9188527612. ജില്ലാ സപ്ലൈ ഓഫീസർ - 9188527317. (പിഎൻപി 1996/18)

## എലിപ്പനി പ്രതിരോധിക്കാൻ അതീവ ജാഗ്രത പുലർത്തണം - ജില്ലാ കളക്ടർ

ജില്ലയിൽ എലിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ വകുപ്പുകളും പൊതുജനങ്ങളും കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് നിർദേശിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ജലവുമായി സമ്പർക്കമുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമായ ഡോക്സിപ്രൊഫിലാക്സിസ് എന്ന പ്രതിരോധ ഗുളിക കഴിക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. കെട്ടിക്കിടക്കുന്ന മലിനജലം ക്ലോറിനേഷൻ നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കളക്ടർ നിർദേശം നൽകി. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും മുന്തിയ പരിഗണന നൽകണം.

എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എഡിഎം പി.റ്റി.എബ്രഹാം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ, ഡെപ്യൂട്ടി ഡിഎംഒ ഡോ.റ്റി.അനിതാകുമാരി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1997/18)

## കാലവർഷം: ജലജന്യരോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം - ഡിഎംഒ

കാലവർഷം കനത്തതോടെ ജലജന്യരോഗങ്ങൾക്കുള്ള സാധ്യത കൂടുതലായതിനാൽ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. ജില്ലയിൽ 89ഓളം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ക്യാമ്പുകളിൽ ജലജന്യരോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ ക്യാമ്പുകളിൽ കഴിയുന്നവർ കൃത്യമായി പാലിക്കണം. തിളപ്പിച്ചാറിയ ജലം മാത്രം കുടിക്കുക, ആഹാരത്തിനുമുമ്പും ശൗചത്തിന് ശേഷവും സോപ്പ് ഉപയോഗിച്ച് കൈകഴുകുക, വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക, മാലിന്യം വലിച്ചെറിയാതിരിക്കുക തുടങ്ങിയ മുൻകരുതലുകൾ പാലിക്കണം. മലിനമായ കിണറുകളിലെ ജലം ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അഞ്ച് വയസിൽ താഴെയുള്ള കുട്ടികൾക്ക് വയറിളക്കരോഗങ്ങൾ ഉണ്ടായാൽ ഗുരുതരമാകുവാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധ പുലർത്തണം. വയറിളക്കരോഗങ്ങൾ ഉണ്ടായാൽ ഒആർഎസ്, ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, മറ്റ് പാനീയങ്ങൾ എന്നിവ ആവശ്യത്തിന് നൽകണം. ദുരിതബാധിത പ്രദേശങ്ങളിൽ പനിയോ മറ്റേതെങ്കിലും പകർച്ചവ്യാധികളോ ശ്രദ്ധയിൽപ്പെട്ടാൽ ആരോഗ്യപ്രവർത്തകരെ ഉടൻ വിവരം അറിയിക്കണമെന്നും ഡിഎംഒ അറിയിച്ചു. (പിഎൻപി 1998/18)

## തീറ്റപ്പുൽ ഉത്പാദനം

തീറ്റപ്പുൽ ഉത്പാദനത്തിന് മൃഗസംരക്ഷണ വകുപ്പ് സഹായം നൽകുന്നു. വ്യക്തികൾക്കും ക്ഷീരസംഘങ്ങൾക്കും അംഗീകൃത സ്വയംസഹായ സംഘങ്ങൾക്കുമാണ്

സഹായം നൽകുന്നത്. അപേക്ഷ ഈ മാസം 27ന് മുമ്പ് അതത് മൃഗാശുപത്രിയിൽ നൽകണം. കൂടുതൽ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പ് സ്ഥാപനങ്ങളിൽ ലഭിക്കും.

(പിഎൻപി 1999/18)

## കൃഷിനാശം: കർഷകർ 15 ദിവസത്തിനകം അപേക്ഷ നൽകണം

ജില്ലയിൽ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർ 15 ദിവസത്തിനകം ബന്ധപ്പെട്ട കൃഷി ഭവനുകളിൽ അപേക്ഷ നൽകണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർക്ക് ആനുകൂല്യം ഉടൻ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വിളനാശത്തിനുള്ള ആനുകൂല്യവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് കർഷകർ കൃഷിഭവനുകളുമായി കൃഷി വകുപ്പിന്റെ ജില്ലാ ഓഫീസുമായോ ബന്ധപ്പെടണം. (പിഎൻപി 2000/18)

## തീയതി നീട്ടി

മെഴുവേലി വനിതാ ഐടിഐയിൽ എസ്.സി.വി.റ്റി സ്കീം പ്രകാരം ആഗസ്റ്റിൽ ആരംഭിക്കുന്ന ഒരു വർഷം ദൈർഘ്യമുള്ള ഫാഷൻ ഡിസൈൻ ടെക്നോളജി, രണ്ട് വർഷം ദൈർഘ്യമുള്ള ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി ഈ മാസം 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഫോൺ: 0468 2259952.

(പിഎൻപി 2001/18)

## സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരന്റെ ആശ്രയ കേന്ദ്രം- വീണാജോർജ് എംഎൽഎ

സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരുടെ ആശ്രയ കേന്ദ്രമാണെന്ന് വീണാജോർജ് എം.എൽ.എപറഞ്ഞു. കുളനട പഞ്ചായത്തിൽ കുളനട സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു എം.എൽ.എ. സാധാരണക്കാരന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് സഹകരണ സ്ഥാപനങ്ങളാണ്. കൊള്ളപ്പലിശക്കാരിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നത് സഹകരണ ബാങ്കുകളാണ്.

മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ നീതി മെഡിക്കൽ സ്റ്റോറുകൾക്ക് തുടക്കം കുറിച്ചത്. മരുന്നുകൾക്ക് 12 മുതൽ 45 ശതമാനം വരെ വിലക്കുറവ് നീതി സ്റ്റോറിൽ ലഭിക്കുന്നുണ്ട്. കുളനട ടി.ബി ജംഗ്ഷനിലുള്ള ബാങ്ക് വക കെട്ടിടത്തിലാണ് മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം.

സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ജി. അനിരുദ്ധൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ ടീച്ചർ ആദ്യവിൽപന നടത്തി. കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കുളനട ജില്ലാ പഞ്ചായത്ത് അംഗം വിനീത അനിൽ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ സി.ജെ അബ്ദുൾ ഗഫൂർ, സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ എസ്. പത്മജ, ഡെപ്യൂട്ടി രജിസ്ട്രാർ എം.ജി പ്രമീള, എസ്.എസ്.ടി അസിസ്റ്റന്റ് രജിസ്ട്രാർ പി.കെ അജിതകുമാരി, ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ എം.എസ് ഗിരിജ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2002/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കാലവർഷത്തിൽ നിറഞ്ഞൊഴുകുന്ന വരട്ടാറിന്റെ ചിത്രം ധനമന്ത്രി ഫേസ്ബുക്കിൽ പങ്കുവച്ചത്

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂലൈ 19** <br> **JULY 19** | **2018** |

***1193 കർക്കിടകം 3 വ്യാഴം***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കാലവർഷം: ജില്ലയിൽ 7267 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ**

കാലവർഷക്കെടുതിയിൽ ജില്ലയിൽ 7267 പേർ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. നാല് താലൂക്കുകളിലായി 96 ദുരിതാശ്വാസ ക്യാമ്പുകളിൽ 1954 കുടുംബങ്ങളെയാണ് മാറ്റി പാർപ്പിച്ചിട്ടുള്ളത്. ഇതുവരെ ഏഴ് പേരുടെ മരണം കാലവർഷക്കെടുതികളിൽ സ്ഥിരീകരിച്ചിട്ടുണ്ട്. രണ്ട് പേരെ കാണാതായി. തിരുവല്ല താലൂക്കിലാണ് കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 85 എണ്ണം. 1700 കുടുംബങ്ങളിലെ 6500 പേരാണ് തിരുവല്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. അടൂരിലെ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി 111 കുടുംബങ്ങളിലെ 295 പേരും കോഴഞ്ചേരിയിൽ ഏഴ് ക്യാമ്പുകളിലായി 140 കുടുംബങ്ങളിലെ 460 പേരും മല്ലപ്പള്ളിയിൽ രണ്ട് ക്യാമ്പുകളിലായി മൂന്ന് കുടുംബങ്ങളിലെ 12 പേരുമാണ് കഴിയുന്നത്. ജില്ലയിൽ ഇതുവരെ മൂന്ന് വീടുകൾ പൂർണമായും 189 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. (പിഎൻപി 2003/18)

**അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്**

ഐഎച്ച്ആർഡിയുടെ കീഴിലുള്ള അടൂർ എൻജിനീയറിംഗ് കോളേജിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ് വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവിൽ താത്ക്കാലിക നിയമനം നടത്തുന്നു. ഇംഗ്ലീഷ് വിഭാഗത്തിൽ യുജിസി മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ

മറ്റുള്ളവരെയും പരിഗണിക്കും. ഇക്കണോമിക്സ് വിഭാഗത്തിൽ 55 ശതമാനം മാർക്കോടെ എംഎ ഇക്കണോമിക്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഇംഗ്ലീഷ് വിഭാഗത്തിലേക്ക് മാസം 27ന് രാവിലെ 11നും ഇക്കണോമിക്സ് വിഭാഗത്തിലേക്ക് 30ന് രാവിലെ 11നും അടൂർ മണക്കാലയിലുള്ള കോളേജ് ഓഫീസിൽ കൂടിക്കാഴ്ച നടത്തും. ഫോൺ: 04734 231995. (പിഎൻപി 2004/18)

## പനി: 403 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (19) 403 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ മൂന്ന് പേരിൽ രണ്ട് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. മൂന്ന് പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. രണ്ട് പേർക്ക് ചിക്കൻപോക്സ് സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 55 പേർ ചികിത്സ തേടി. ഇലന്തൂർ, ഓമല്ലൂർ എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. ചെറുകോൽ, കോയിപ്രം എന്നിവിടങ്ങളിലാണ് എലിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്. (പിഎൻപി 1918/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കുളനട സർവീസ് സഹകണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം വീണാജോർജ് എംഎൽഎ നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂലൈ 19

JULY 19

2018

1193 കർക്കിടകം 3 വ്യാഴം

പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**അനർഹമായ മുൻഗണനാ കാർഡുകൾ 31ന് മുമ്പ് സറണ്ടർ ചെയ്യണം**
**അനർഹരുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയിക്കാം**

മുൻഗണനാ കാർഡിന് അർഹതയില്ലാതെ ഇത്തരം കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ജില്ലാ സപ്ലൈ ഓഫീസിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും കത്തിലൂടെ അറിയിക്കാമെന്ന് ജില്ലാ സപ്ലൈ ഓഫീസർ എം.എസ്.ബീന അറിയിച്ചു.ഇത്തരത്തിൽ വിവരങ്ങൾ നൽകുന്നവർ പേരോ മേൽവിലാസമോ നൽകേണ്ടതില്ല. അനർഹമയി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്ന ആളിന്റെ പേര്, വീട്ടുപേര്, സ്ഥലം, റേഷൻ കട എന്നീ വിവരങ്ങൾ അറിയിച്ചാൽ മതിയാകും.

ഓണത്തിന് മുമ്പ് അർഹരായ കാർഡുടമകളെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി അനർഹമായി മുൻണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ഉടൻ ഒഴിവാക്കും.

പ്രതിമാസം 25000 രൂപയിലേറെ വരുമാനമുള്ളവർ, ആദായ നികുതി നൽകുന്നവർ, സ്വന്തമായി ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ (എസ്.റ്റി ഒഴികെ), 1000 ചതുരശ്ര അടിയിലേറെ വിസ്തീർണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനം ഉള്ളവർ (ഏക ഉപജീവനമാർഗമായ ടാക്സി ഒഴികെ), സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ ജീവനക്കാർ, അധ്യാപകർ തുടങ്ങിയവർ അനർഹമായി മുൻഗണനാ കാർഡുകൾ (മഞ്ഞനിറം, പിങ്ക് നിറം) കൈവശം വച്ചിട്ടുണ്ടെങ്കിൽ ജൂലൈ 31ന് മുമ്പായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ തിരികെ ഏൽപ്പിച്ച് പൊതുവിഭാഗം കാർഡ്

വാങ്ങേണ്ടതാണ്. നിശ്ചിത സമയത്തിനകം ഇത്തരത്തിൽ കാർഡുകൾ സറണ്ടർ ചെയ്യാത്തവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കും.

ഏത് റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ വാങ്ങുന്നതിനുള്ള പോർട്ടബിലിറ്റി സൗകര്യം ജില്ലയിലെ എല്ലാ റേഷൻ കടകളിലെയും ഇ-പോസ് മെഷീനുകളിൽ ലഭ്യമാണ്. ആധാർ പരിശോധിച്ചായിരിക്കും ഇപ്രകാരം റേഷൻ വിതരണം നടത്തുക.

(പിഎൻപി 2006/18)

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

മഴക്കെടുതി മൂലം, തിരുവല്ല താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഇന്ന് (20) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. നാളെ (21) പ്രവർത്തിദിനമായി പ്രഖ്യാപിച്ചിരുന്ന തിരുവല്ല താലൂക്കിലെ പ്രൊഫഷണൽ കോളേജ് ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അവധിയായിരിക്കും. (പിഎൻപി 2007/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്